# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24.04.2025**

### പ്രധാനവാർത്തകൾ

1) പഹൽഗാം ഭീകരാക്രമണം ഇന്ത്യയുടെ ആത്മാവിന് നേർക്കുണ്ടായ കടന്നാക്രമണമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭീകരർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്നും പ്രധാന മന്ത്രി.
2) പഹൽഗാം ആക്രമണത്തിൻറെ വിശദവിവരങ്ങൾ കേന്ദ്രമന്ത്രി മാർ രാഷ്ട്രപതിയെ ധരിപ്പിച്ചു. ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
3) പാകിസ്ഥാൻ പൗരൻമാർക്കുള്ള വീസ സേവനങ്ങൾ ഇന്ത്യ അടിയന്തരമായി നിർത്തിവച്ചു. കരസേനാ മേധാവി നാളെ ജമ്മു കശ്മീർ സന്ദർശിക്കും.
4) ലഹരിക്കെതിരെ പഞ്ചായത്തുകളെ ഏകോപിപ്പിച്ച് ലഹരി വിരുദ്ധ സന്ദേശയാത്ര സംഘടിപ്പിക്കുമെന്ന് കായികമന്ത്രി വി അബ്ദുറഹിമാൻ.
5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ നേരിടും.

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി - ഇൻട്രോ

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരതയ്ക്ക് രാജ്യത്തിൻറെ ആത്മസത്തയെ തകർക്കാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. വിനോദസഞ്ചാരികൾക്ക് നേരെ മാത്രമുണ്ടായ ആക്രമണമല്ല ഇതെന്നും, മറിച്ച് ഇന്ത്യയുടെ ആത്മാവിന് നേർക്കുണ്ടായ കടന്നക്രമണമാണിതെന്നും

PHUTVPM

പ്രധാനമന്ത്രി വ്യക്തമാക്കി. 140 കോടി ജനങ്ങളുടെ നിശ്ചയ ദാർഢ്യത്തിൻറെ പിൻബലത്തിൽ ഇന്ത്യ ഭീകരതയെ ചെറുത്തു തോൽപ്പിക്കും. ആക്രമണത്തിനിരയായവർക്ക് നീതി ഉറപ്പുവരുത്തുന്നതിന് രാജ്യം ഒരു മനസ്സോടെ നിലകൊള്ളുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

ബിഹാറിൽ ദേശീയ പഞ്ചായത്തി രാജ് ദിനാചരണ ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവരോടുള്ള ആദരസൂചകമായി മൗനം ആചരിച്ചശേഷമാണ് ചടങ്ങുകൾ ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

**സർവകക്ഷിയോഗം**

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. പാർലമെന്റ് മന്ദിരത്തിലാണ് യോഗം ചേരുന്നത്. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്ങ്, അമിത്ഷാ, എസ് ജയശങ്കർ , ജെപി നഡ്ഡ, കിരൺ റിജിജു തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മല്ലികാർജുൻ ഖർഗേ, രാഹുൽ ഗാന്ധി, സുപ്രിയ സുലേ, തിരുച്ചി ശിവ, സഞ്ജയ് സിങ്ങ് തുടങ്ങിയ പ്രതിപക്ഷ നേതാക്കളും വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുക്കുന്നു. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചുള്ള വിശദവിവരങ്ങളും, പാകിസ്ഥാനെതിരെ സ്വീകരിച്ച നടപടികളും ശ്രീ രാജ് നാഥ് സിങ്ങ് യോഗത്തിൽ കക്ഷിനേതാക്കളോട് വിശദീകരിക്കും.

&&&&&&&&&&&&&&&&&&.

**രാഷ്ട്രപതി**

സർവകക്ഷി യോഗത്തിന് മുന്നോടിയായി ആഭ്യന്തര മന്ത്രി അമിത് ഷായും വിദേശ കാര്യ മന്ത്രി ജയ്ശങ്കറും രാഷ്ട്രപതി ഭവനിലെത്തി രാഷ്ട്രപതി ദ്രൗപതി മുർമുവിനെ കണ്ടു. പഹൽഗാം ഭീകരാക്രമണവും, തുടർന്ന് സ്വീകരിച്ച നടപടികളും കേന്ദ്രമന്ത്രിമാർ രാഷ്ട്രപതിയെ ധരിപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## വീസ

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്ഥാൻ പൗരൻമാർക്കുള്ള വീസ സേവനങ്ങൾ അടിയന്തരമായി നിർത്തിവച്ച് ഇന്ത്യ. പാക് പൗരന്മാരുടെ നിലവിലെ എല്ലാ വീസകളുടെയും കാലാവധി ഈ മാസം 27 ന് അവസാനിക്കും. മെഡിക്കൽ വീസകളുടെ കാലാവധി 29 ന് അവസാനിക്കുമെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഇന്ത്യാക്കാർ പാകിസ്ഥാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും, പാകിസ്ഥാനിലുള്ള ഇന്ത്യൻ പൗരൻമാർ എത്രയും വേഗം മടങ്ങിയെത്തണമെന്നും മന്ത്രാലയം നിർദേശം നൽകി. പാകിസ്ഥാനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിൻറെ ഭാഗമായി ഇന്ത്യ സിന്ധു നദീജല കരാർ റദ്ദാക്കാനും, അട്ടാരി അതിർത്തി അടയ്ക്കാനും തീരുമാനിച്ചിരുന്നു. അട്ടാരി, ഫിറോസ്പൂർ, ഫസിൽക്ക അതിർത്തികളിൽ നടക്കുന്ന റിട്രീറ്റ് ചടങ്ങുകൾ ചുരുക്കാനും തീരുമാനിച്ചിട്ടുണ്ട്. റിട്രീറ്റ് ചടങ്ങിനിടയിൽ ഗേറ്റ് തുറക്കില്ല. പതാക താഴ്ത്തിയ ശേഷമുള്ള ഹസ്തദാന ചടങ്ങും ഒഴിവാക്കി

RNU TVPM

&&&&&&&&&&&&&&&&&&

## കരസേന

ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി നാളെ ജമ്മു കശ്മീർ സന്ദർശിക്കും. കശ്മീർ താഴ്വരയിലും, നിയന്ത്രണ രേഖയിലും നടന്നു വരുന്ന ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ സൈനിക കമാൻഡർമാർ കരസേനാ മേധാവിയെ ധരിപ്പിക്കും.

&&&&&&&&&&&&&&&&&&

## പാരിതോഷികം

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച ഭീകരരെ കുറിച്ച് വിവരം നൽകുന്നവർക്ക് 60 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച് ജമ്മു കശ്മീർ പോലീസ്. തിരിച്ചറിഞ്ഞ മൂന്ന് ഭീകരൻമാരെ കുറിച്ചുള്ള വിവരങ്ങൾക്ക് 20 ലക്ഷം രൂപ വീതമാണ് പാരിതോഷികം. ഇവരിൽ രണ്ട് പേർ

പാകിസ്ഥാൻ സ്വദേശികളാണെന്നും, ഒരാൾ ദക്ഷിണ കശ്മീരിലെ അനന്ത് നാഗ് ജില്ലയിൽ നിന്നാണെന്നും പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&.

**രാമചന്ദ്രൻ മകൾ ആരതി(ഇൻട്രോ)**

പഹൽഗാം ഭീകരാക്രമണത്തിൽ മരണമടഞ്ഞ എറണാകുളം സ്വദേശി എൻ രാമചന്ദ്രന്റെ സംസ്കാര ചടങ്ങുകൾ നാളെ ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. രാവിലെ 7.30 മുതൽ 9.30 വരെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പൊതുദർശനം ഉണ്ടായിരിക്കും. മകൾ ആരതിക്കും കുടുംബത്തിനുമൊപ്പം വിനോദയാത്രയ്ക്കായാണ് രാമചന്ദ്രൻ പഹൽഗാമിൽ എത്തിയത്. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകുന്നതിന് മുൻപ് തന്നെ ഭീകരർ വെടിയുതിർക്കുകയായിരുന്നുവെന്ന് ആരതി മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&.

RNU TVPM

**മുഖ്യമന്ത്രി -കശ്മീര്**

കശ്മീരിൽ കുടുങ്ങിയ മലയാളികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ സംസ്ഥാന സർക്കാർ സജ്ജമാക്കിയിട്ടുണ്ടെന്നും അവ പ്രയോജനപ്പെടുത്തണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിലവിൽ 575 മലയാളികൾ കാശ്മീരിൽ ഉണ്ടെന്നാണ് വിവരം . ഡൽഹിയിൽ മടങ്ങിയെത്തുന്നവർക്ക് ടിക്കറ്റ് ബുക്കിങ്ങ് ഉൾപ്പെടെയുള്ള സഹായങ്ങൾക്ക് സജ്ജീകരണം ഒരുക്കിയതായും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&.

**മിസൈൽ പരീക്ഷണം**

ഐഎൻഎസ് സൂറത്തിൽ നിന്നും വിജയകരമായി മിസൈൽ പരീക്ഷണം നടത്തി ഇന്ത്യ. സമുദ്രത്തിൽ നിന്ന് തൊടുക്കാവുന്ന ദീർഘദൂര പ്രഹര

ശേഷിയുള്ള ഗൈഡഡ് മിസൈൽ ഇന്ത്യ തദ്ദേശീയമായാണ് വികസിപ്പിച്ചത്.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - നാലാവാർഷികം യോഗം**

കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി നവംബർ ഒന്നിനു പ്രഖ്യാപനം നടത്താനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പത്തനംതിട്ട ഇലന്തൂരിൽ, സംസ്ഥാന സർക്കാരിൻ്റെ വാർഷികാഘോഷത്തിൻ്റെ ഭാഗമായ അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**അബ്ദുറഹിമാൻ (ഇൻട്രോ)**

ലഹരിക്കെതിരെ കായിക വകുപ്പിൻറെ നേതൃത്വത്തിൽ പഞ്ചായത്തുകളെ ഏകോപിപ്പിച്ച് ലഹരി വിരുദ്ധ സന്ദേശയാത്ര സംഘടിപ്പിക്കുമെന്നും കായികമന്ത്രി വി അബ്ദുറഹിമാൻ. അടുത്തമാസം 5 ന് കാസർഗോഡ് നിന്ന് ആരംഭിക്കുന്ന യാത്ര എല്ലാ ജില്ലകളിലും പര്യടനം നടത്തും. യുവജനങ്ങളെ ലഹരിയിൽ നിന്ന് പിന്തിരിപ്പിച്ച് വ്യായാമത്തിലേക്കും കളികളിലേക്കും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

RNU TVPM

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&&&

**മലമ്പനി വീണാ ജോർജ്**

2027 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തന ങ്ങളാണ് സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടത്തി വരുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. മലമ്പനി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

&&&&&&&&&&&&&&&&&&&

**ക്ഷേമ പെൻഷൻ**

സാമൂഹ്യ, ക്ഷേമ പെൻഷൻ കുടിശികയിൽ ഒരു ഗഡു കൂടി അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. ഇതോടെ ഗുണഭോക്താക്കൾക്ക് മെയ് മാസം രണ്ട് ഗഡു ക്ഷേമ പെൻഷനായിരിക്കും ലഭിക്കുകയെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. അടുത്ത മാസം പകുതിക്ക് ശേഷം പെൻഷൻ വിതരണം ആരംഭിക്കും.

&&&&&&&&&&&&&&&&&&&

**ജെയിൻ റഷ്യ**

റഷ്യൻ കൂലിപ്പട്ടാളത്തിൽ അകപ്പെട്ട തൃശൂർ സ്വദേശി ജെയിൻ നാട്ടിൽ തിരിച്ചെത്തി. എംബസിയുടെയും മലയാളി സമാജത്തിന്റേം സഹായ ത്തോടെയാണ് നാട്ടിലേക്ക് എത്തിയതെന്ന് ജെയിൻ മാധ്യമങ്ങളോട് പറഞ്ഞു. ജെയിനിനൊപ്പം ഉണ്ടായിരുന്ന തിരുവനന്തപുരം സ്വദേശി ഉൾപ്പെടെ രണ്ടുപേർ നേരത്തെ കൊല്ലപ്പെട്ടിരുന്നു. തൊഴിൽ തട്ടിപ്പിനിര യായാണ് ജെയിൻ റഷ്യൻ കൂലിപ്പട്ടാളത്തിൽ എത്തിപ്പെട്ടത്.

&&&&&&&&&&&&&&&&&&&

RNUTVPM

**പോപ്പ്**

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്ത്യാദരം അർപ്പിച്ച് ആയിരങ്ങൾ. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ശനിയാഴ്ചവരെയാണ് പൊതുദർശനത്തിന് ക്രമീകരണം ഒരുക്കിയിരിക്കുന്നത്. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ഓടെയാണ് സംസ്കാര ചടങ്ങുകൾ ആരംഭിക്കുക. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഗ്രഹ പ്രകാരം റോമിലെ സെന്റ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. സംസ്കാര ചടങ്ങിൽ കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും. എൻ കെ പ്രേമചന്ദ്രൻ എം പി ഇന്ന് സെൻറ് പീറ്റേഴ്സ് ബസലിക്കയിലെത്തി മാർപാപ്പയ്ക്ക് അന്തിമോപചാരം അർപ്പിച്ചു.

&&&&&&&&&&&&&&&&&&&

ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 315 പോയിൻറ് ഇടിഞ്ഞ് 79,801 ലും, നിഫ്റ്റി 82 പോയിൻറ് താഴ്ന്ന് 24,246 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് പത്ത് രൂപ കുറഞ്ഞ് 9,005 രൂപയും, പവന് 80 രൂപ കുറഞ്ഞ് 72,040 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ വില.

&&&&&&&&&&&&&&&&&&

കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം ഇടുക്കി , ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. പാലക്കാട് കോഴിക്കോട് ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&